**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2656** **12-10-2021 - ൽ മറുപടിയ്ക്ക്**

**ഭൂമിയുടെ ന്യായവില സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമിയുടെ ന്യായവില സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിന് നിലവിൽ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; ഇവ നടപ്പിലാക്കുന്നതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | റവന്യു ഡിവിഷണൽ ഓഫീസർമാർ പ്രസിദ്ധീകരിച്ച ന്യായവില സംബന്ധിച്ച് സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും 1959 -ലെ കേരള മുദ്രപ്പത്ര ആക്ടിലെ വകുപ്പ് 28 -ന്റെ ഉപവകുപ്പ് 4 -ൽ വ്യവസ്ഥ ചെയ്ത പ്രകാരം കളക്ടർ മുൻപാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്. നിയമത്തിലെ പ്രസ്തുത വ്യവസ്ഥ ഉപയോഗപ്പെടുത്തിക്കൊണ്ട് ഭൂമിയുടെ ന്യായവില സംബന്ധിച്ച പരാതികൾക്ക് പരിഹാരം തേടാവുന്നതാണ്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്? | (ബി) | ഭൂമിയുടെ ന്യായവില സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിലൂടെ ആധാരങ്ങൾ വിലകുറച്ച് രജിസ്റ്റർ ചെയ്യുന്നതുവഴിയുള്ള നികുതി ചോർച്ച തടയുവാനും അതിലൂടെ നികുതി പിരിവ് കാര്യക്ഷമമാക്കുവാനും കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ